# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1491.

21..3..2012-ൽ മറുപടിക്ക്

## പാൽക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാൽക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പാലിന്റെ ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും, ആഭ്യന്തര ഉപഭോഗത്തിലുള്ള വർദ്ധനവ് കാരണം ഇപ്പോഴും അയൽ സംസ്ഥാനങ്ങളിൽ നിന്നും പാൽ ലഭ്യമാക്കി ആവശ്യത്തിന് വിതരണം ചെയ്യുന്നുണ്ട്. |
| (ബി) ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളത്; | (ബി) ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷിവ്യാപന പദ്ധതി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി ക്ഷീര സംഘങ്ങളിലെ പാൽസംഭരണം വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുന്നു. ഇതിനു പുറമെ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റവിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീര കർഷകർക്ക് അപകട |

ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ വഴി ക്ഷീര കർഷകർക്ക് നൽകി വരുന്നു.

| | |
|---|---|
| (സി) കൂടുതൽ ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ക്ഷീരസഹകരണ സംഘങ്ങൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ ആവശ്യമുള്ള പക്ഷം പുതിയ സംഘങ്ങൾ രൂപീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.